## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5109** **22.05.2017 ൽ മറുപടിയ്ക്ക്**

### മൂന്നാറിൽ വൈദ്യുതി ബോർഡിന്റെ സ്ഥലം കൈയ്യേറിയത് ഒഴിപ്പിക്കുന്നതിനുള്ള നടപടി

**ചോദ്യം**
**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിൽ വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കൈയ്യേറിയതായി കാണിച്ച് വൈദ്യുതി ബോർഡ് റവന്യൂ വകുപ്പിനു റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം കൈയ്യേറിയെന്നും, എത്ര ആളുകളാണ് കൈയ്യേറ്റം നടത്തിയതെന്നും റവന്യൂ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ബോർഡ് വക സ്ഥലം കയ്യേറിയതായുള്ള റിപ്പോർട്ടുകളിന്മേലുള്ള അന്വേഷണം പല റവന്യൂ രേഖകളുടെയും അഭാവം മൂലം ഫലപ്രാപ്തിയിലെത്തിയിട്ടില്ലാത്തതും, തുടർ നടപടികളിലിരിക്കുന്നതും, ഭൂരിഭാഗം കേസുകളിലും കയ്യേറ്റം തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. |
| (സി) | കൈയ്യേറിയ സ്ഥലത്തിന്റെ സർവ്വെ നമ്പരും വിശദാംശങ്ങളും നൽകുമോ; | (സി) 1.പ്രിൻസ്( കെ.ഡി.എച്ച്. വില്ലേജ്,)സർവ്വെ നം. 843<br>2. ബിനുപാപച്ചൻ (കെ.ഡി.എച്ച് വില്ലേജ്, സർവ്വെ നം.843 - 9.5 സെന്റ്)<br>3. ആഷാ അലക്സ് ( കെ.ഡി.എച്ച്. വില്ലേജ്, സർവ്വെ നം. 843 - 7.5 സെന്റ്)<br>ടാറ്റാ ടീ. ലി. (പെരിയ കനാൽ എസ്റ്റേറ്റ്, ചിന്നക്കനാൽ ബ്ലോക്ക് 8, സർവ്വെ നമ്പർ 219 - 1.1758 ഹെ.)<br>4. വിവിധ വ്യക്തികൾ (26 പേർ) (ചിന്നക്കനാൽ ബ്ലോക്ക് 8, സർവ്വെ നമ്പർ 219 5.0898 ഹെ.)<br>5. ഹാരിസൺ മലയാളം ലി. (പൂപ്പാറ ബ്ലോക്ക് 13, സർവ്വെ നമ്പർ 1 - 5.5896 ഹെ.) |

| | | |
|---|---|---|
| | | 6. വിവിധ വ്യക്തികൾ (5 പേർ), (പൂപ്പാറ ബ്ലോക്ക് 13 സർവ്വെ നമ്പർ 1, 2.1408 ഹെ.) |
| (ഡി) | വൈദ്യുതി ബോർഡ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കൈയ്യേറ്റം ഒഴിപ്പിക്കാനായി റവന്യൂ വകുപ്പ് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) മൂന്നാർ മേഖലയിലെ സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി അഡീഷണൽ തഹസിൽദാർ ദേവികുളം, അഡീഷണൽ തഹസിൽദാർ ഉടുമ്പൻചോല, സ്പെഷ്യൽ റവന്യൂ ആഫീസർ മൂന്നാർ, എന്നിവരുടെ നേതൃത്വത്തിലുള്ള റവന്യൂ-സർവ്വെ-ഭൂസംരക്ഷണ സേന ഉദ്യോഗസ്ഥൻമാരുടെ ഒരു പ്രത്യേക സംഘം ദേവികുളം സബ് കളക്ടറുടെ നിയന്ത്രണത്തിലും ഏകോപനത്തിലും പ്രവർത്തിച്ചു വരുന്നു. |
| (ഇ) | ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ? | (ഇ) സർക്കാർ ഭൂമി കയ്യേറ്റം ബോധ്യപ്പെടുന്ന കേസുകളിൽ ഭൂസംരക്ഷണ നിയമം (ലാന്റ് കൺസർവൻസി ആക്ട്) പ്രകാരമുള്ള നോട്ടീസ് നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ